ശ്രദ്ധ ക്ഷണിക്കൽ

പങ്കാളിത്ത പെൻഷൻ പദ്ധതി

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ഇടതുപക്ഷ സ്വഭാവമുള്ള സർവ്വീസ് സംഘടനകളും അദ്ധ്യാപക സംഘടനകളുമെല്ലാം ധാരാളം സമരങ്ങൾ നടത്തിയിട്ടും നിർബന്ധപൂർവ്വം അന്ന് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ ഈ പങ്കാളിത്ത പെൻഷൻ പദ്ധതി 2013 ഫെബ്രുവരി മാസം മുതൽ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. അന്ന് പറഞ്ഞ പരാതികളോ ഉന്നയിക്കപ്പെട്ട കാര്യങ്ങളോ ശക്തമായ വാദമുഖങ്ങളോ ഒന്നും വേണ്ടത്രതരത്തിലുള്ള ചർച്ചയ്ക്കോ പഠനത്തിനോ വിധേയമായിട്ടില്ല. രണ്ടുമൂന്ന് കാര്യങ്ങളാണ് ഇതിൽ ഉന്നയിക്കപ്പെട്ടുവരുന്നത്. പങ്കാളിത്ത പെൻഷൻ നടപ്പാക്കുമ്പോൾ ജീവനക്കാരിൽനിന്നെടുക്കുന്ന 10 ശതമാനം തുക സത്യത്തിൽ അത് നമ്മുടെ കമ്പോളത്തിൽ എത്തേണ്ടതാണ്. പക്ഷേ ആ പണം ഫണ്ട് മാനേജർമാർ മുഖേന ഇപ്പോൾ പൊതു ഊഹ കച്ചവട കമ്പോളത്തിലേയ്ക്ക്, ഓഹരി കമ്പോളത്തിലേയ്ക്ക് മാറുകയാണ്. അത് സംസ്ഥാനത്തിനുണ്ടാകുന്ന ഒരു

സാമ്പത്തിക വിഷമമാണ്. രണ്ട്, പൊതു ഖജനാവിലെ പണം 10 ശതമാനവും ഇതിന്റെ കൂടെച്ചേരുകയാണ്. ഈ കൂടെച്ചേരുന്ന പണവും സത്യത്തിൽ നമ്മുടെ കമ്പോളത്തിനും സമൂഹത്തിനുമുള്ളതാണ്. അതും മാറുകയാണ്. ഇതവർ അന്നേ ഉന്നയിക്കപ്പെട്ട ഒരു കാര്യമാണ്. ഫണ്ട് മാനേജർമാർക്ക് കൈമാറുന്ന 20 ശതമാനം പൈസ സത്യത്തിൽ നമ്മുടെ കമ്പോളത്തിലുള്ളപ്പോൾ അത് നമ്മുടെ സമൂഹത്തിന്റെ കയ്യിലുള്ള പണമാണ്. കമ്പോളത്തിന്റെ സ്വാഭാവികമായ വാങ്ങൽശേഷി വർദ്ധിക്കുകയാണ്. ഇതിലെ അപകടം മനസ്സിലാക്കിക്കൊണ്ട് ഇതിനൊരു സെക്യൂരിറ്റി വേണമെന്നത് അന്നേ ഇടതുപക്ഷ സർവ്വീസ് സംഘടനകളും കേരളത്തിലെ ഇടതുപക്ഷ സ്വഭാവമുള്ള സാമ്പത്തിക വിദഗ്ധരുമെല്ലാം ചൂണ്ടിക്കാണിച്ചതാണ്. രണ്ടാമത്തെ കാര്യം, പങ്കാളിത്ത പെൻഷനെയും സ്റ്റാറ്റ്യൂട്ടറി പെൻഷനെയും കുറിച്ച് അന്നിവിടെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മാണി സാറും അന്നത്തെ മുഖ്യമന്ത്രിയും പറഞ്ഞത് അതിന്റെ സാമ്പത്തിക വശം മാത്രമാണ്. അതിനൊരുപാട് സാമൂഹ്യ വശങ്ങളുമുണ്ട്. ഭാവിയിൽ ആ പണം കൊടുക്കാൻ സ്റ്റാറ്റ്യൂട്ടറി പെൻഷനായി ഇല്ലാതെ വരുമെന്ന കാര്യമാണ് അങ്ങ് പറഞ്ഞത്. സത്യത്തിൽ അതുപോലും വേണ്ടത്ര പഠനത്തിന് വിധേയമായിട്ടില്ല.

ഒരു വലതുപക്ഷനയം സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റ്, ലോകത്ത് വലതുപക്ഷനയം സ്വീകരിക്കുന്ന ഗവൺമെന്റുകൾ നടപ്പാക്കുന്ന ഒരു പദ്ധതിയായി ഇവിടെയും നടപ്പാക്കിയേ കഴിയൂ എന്ന വാദമുഖം ഉന്നയിച്ചപ്പോൾ, അതിന്റെ സാമ്പത്തിക സാമൂഹ്യവശങ്ങളെക്കുറിച്ച് അന്ന് ഇടതുപക്ഷ ചിന്തകന്മാരും സർവ്വീസ് സംഘടനകളും ഈ നിയമസഭയിൽ ചർച്ച ചെയ്യണമെന്ന് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ടപ്പോൾ, അതുപോലും ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഇതിൽ വേറൊരു നിയമപ്രശ്നംകൂടി വരാൻ സാധ്യതയുണ്ട്. നിലവിലുള്ള ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനും 2013 മുതൽ സർവീസിൽ പ്രവേശിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷനുമാണ് നൽകുന്നത്. ഒരേ സമയമാണ് രണ്ട് പെൻഷൻ നല്കുന്നത്. ഇത് തമിഴ്നാട് കോടതിയിൽ ഉന്നയിക്കപ്പെട്ട ഒരു പ്രശ്നമാണ്. ഒരേ സമയം കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ വാങ്ങിക്കുന്നവരും പങ്കാളിത്ത പെൻഷൻ വാങ്ങുന്നവരുമുണ്ടാകുന്നു. അങ്ങനെയുണ്ടായാൽ പെൻഷൻ വാങ്ങി പിരിഞ്ഞവർക്കല്ല ഈ പ്രശ്നം വരുന്നത്. പ്രായത്തിനനുസരിച്ച് ഒരേ സമയം പെൻഷൻ വാങ്ങിക്കുന്നവരിൽ പങ്കാളിത്ത പെൻഷനുള്ളവരും സ്റ്റാറ്റ്യൂട്ടറി പെൻഷനുള്ളവരുമുണ്ടാകും. അങ്ങനെ വരുന്ന നിയമപ്രശ്നം എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത്? പല തരത്തിലുള്ള വലതുപക്ഷ സാമ്പത്തിക നയത്തിന്റെ

ഭാഗമായി ഒരു പെൻഷൻ പദ്ധതി മാറുമ്പോൾ കമ്പോളത്തിലുണ്ടാകുന്ന പ്രത്യാഘാതത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഈ പണവും ജീവനക്കാരുടെ പണവും ഇങ്ങനെ ഫണ്ട് മാനേജർമാരുടെ കൈകളിലേയ്ക്ക്, ഓഹരി കമ്പോളത്തിലേയ്ക്ക് കൈമാറുമ്പോഴുണ്ടാകുന്ന വ്യത്യാസം. ഇത് ട്രഷറിവഴി നടപ്പാക്കണമെന്ന തീരുമാനം അല്ലെങ്കിൽ ആ സെക്യൂരിറ്റി ഉറപ്പു വരുത്തണമെന്ന തീരുമാനം ഇതുവരെ അക്ഷരാർത്ഥത്തിൽ നടപ്പാക്കിയിട്ടില്ല. സത്യത്തിൽ പലവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് ഉയർന്നുവരുന്ന വലിയ സാമൂഹ്യ സാമ്പത്തിക ജീവിത പ്രശ്നമാണ് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ നിന്ന് പങ്കാളിത്ത പെൻഷനിലേയ്ക്കുള്ള മാറ്റം. പണ്ട് മൊത്തം സമ്പത്തിന്റെ 58 ശതമാനമാണ് ഇന്ത്യയിലെ ഒരു ശതമാനം മനുഷ്യരുടെ കയ്യിലെങ്കിൽ ഈ പുതിയ വലതുപക്ഷനയം കാരണം ഇന്നലെ വന്ന റിപ്പോർട്ടനുസരിച്ച് മൊത്തം സമ്പത്തിന്റെ 73 ശതമാനം ഇന്ത്യയിലെ ഒരു ശതമാനം ആളുകളുടെ കൈവശമാണ്. ഇങ്ങനെ വരുമ്പോൾ നമ്മുടെ കമ്പോളത്തിൽ യാചകന്മാരും രാജാക്കന്മാരുമുണ്ടാകും. കമ്പോളത്തിൽ യാചകന്മാരും രാജാക്കന്മാരും ഉണ്ടാകുന്ന അവസ്ഥയിൽ പെൻഷൻ സമ്പ്രദായത്തിന്റെ മാറ്റങ്ങളെക്കുറിച്ച് അങ്ങുതന്നെ നിയമസഭയിൽ പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനെക്കുറിച്ച് സമഗ്രമായി പഠിക്കാനും ഇതിന്റെ സാമൂഹ്യ സാമ്പത്തിക

ജീവിതപരമായ എല്ലാ പ്രത്യാഘാതങ്ങളും പ്രശ്നങ്ങളും പഠിക്കാനും കഴിയുമെങ്കിൽ നമ്മുടെ പെൻഷൻ സമ്പ്രദായത്തിൽ തന്നെ പുതിയ ഒരു തരത്തിലുള്ള മാറ്റത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും ജീവനക്കാരുമായി ചർച്ച ചെയ്യാനും അവരുടെ ആശങ്കകൾ മനസ്സിലാക്കാനും പരിഹരിക്കാനും കഴിയുന്ന ഒരു കമ്മീഷനെ നിയോഗിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പങ്കാളിത്ത പെൻഷൻ പദ്ധതി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നത് പി.എഫ്.ആർ.ഡി.എ. ആക്ടിന്റെ അടിസ്ഥാനത്തിലാണ്. ആ ആക്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതിനുള്ള നയപരമായ തീരുമാനമെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലായി 65,692 പേർ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുണ്ട്. ഇവരുടെ സർക്കാർ വിഹിതമായി 370 കോടി രൂപ സർക്കാർ അടച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അന്ന് പറഞ്ഞ വിമർശനങ്ങളെല്ലാം ശരിയാണ്. 370 കോടി രൂപ നമ്മുടെ ട്രഷറി അക്കൗണ്ടിൽ

കിടക്കേണ്ടതാണ്. അതിപ്പോൾ ഫണ്ടിലേയ്ക്കാണ് പോകുന്നത്. ഇതിനെക്കുറിച്ച് രണ്ടു പ്രശ്നങ്ങളാണ് അങ്ങ് ഉന്നയിച്ചത്. സാമ്പത്തികമായി ഇത്രയും പണം മറ്റ് ഫണ്ടിലേയ്ക്കു പോകുമ്പോൾ ഗവൺമെന്റിന് ആ തുക ലഭിക്കാതെ പോകുന്നു. രണ്ടാമതായി നിയമപരമായി ഒരു പന്തിയിൽതന്നെ രണ്ടുരീതിയിൽ വിളമ്പുന്നു എന്ന കാര്യങ്ങൾ. അതുസംബന്ധിച്ച് പരിശോധന വേണമെന്നുള്ളതാണ് ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത്. ഈ രണ്ടു പ്രശ്നങ്ങളും പരിശോധിക്കുന്നതിന് അടിയന്തരമായി ഒരു കമ്മിറ്റിയെ നിയോഗിക്കാവുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് പരിശോധിക്കുന്നതിന് കമ്മിറ്റിയെ നിയോഗിക്കുകയും ജീവനക്കാരുമായി ചർച്ച ചെയ്യുന്നതിന് ഒരു കാലയളവുകൂടി നിശ്ചയിക്കണമെന്നുംകൂടി ആവശ്യപ്പെടുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു കാലയളവുകൂടി നിശ്ചയിച്ചുതന്നെ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എഫ്.എ.സി.ടി. നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം പ്രധാനമന്ത്രിക്ക് കത്തെഴുതിയതായി പത്രത്തിൽ

വായിക്കുകയുണ്ടായി. പക്ഷേ, ഒരു കത്തെഴുതിയതുകൊണ്ടുമാത്രം എഫ്.എ.സി.റ്റി. യുടെ ഗുരുതരമായ പ്രതിസന്ധി പരിഹരിക്കാനോ ആ പ്രശ്നങ്ങൾ പരിഹരിച്ച് പഴയ നിലയിലേയ്ക്ക് എത്തിക്കാനോ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി ഗുരുതരമായ ഈ പ്രതിസന്ധിയിൽ നിന്ന് എഫ്.എ.സി.ടി.യെ രക്ഷിക്കണമെന്നാണ് എന്റെ ശ്രദ്ധക്ഷണിക്കലിന് ആധാരമായ സംഗതി. ഇതിൽ വരുന്ന പ്രധാനപ്പെട്ട കാര്യം എഫ്.എ.സി.ടി. കേവലം ഒരു വളം ഫാക്ടറിയല്ല. ദക്ഷിണേന്ത്യയിൽത്തന്നെ കർഷകരെ കൃഷി പഠിപ്പിച്ചെടുത്ത ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് എഫ്.എ.സി.ടി.. എഫ്.എ.സി.ടി.-യുടെ പ്രവർത്തനങ്ങൾകൊണ്ടാണ് ഇന്ത്യയിലെ കാർഷിക മേഖല വളരെയധികം മുന്നോട്ടുപോയത്. ഇന്നിപ്പോൾ എഫ്.എ.സി.ടി. തകർച്ചയുടെ വക്കിലാണ്. കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനത്തെ വിറ്റുതുലയ്ക്കാനുള്ള രഹസ്യമായ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. 'നീതി ആയോഗ് ' വഴി ഈ സ്ഥാപനം വിറ്റഴിക്കാനുള്ള പദ്ധതിയുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല എഫ്.എ.സി.ടി-ക്ക് ഇത്തവണ ഒരു തുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കേരളത്തിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക്

മതിയായ തുകയില്ലെങ്കിലും കുറച്ചു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥാപനം നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെങ്കിൽ കേരളം ഒറ്റക്കെട്ടായി സമ്മർദ്ദം ചെലുത്തണം. എഫ്.എ.സി.ടി.യുടെ സ്ഥലം വില്പനയ്ക്ക് വച്ചിരിക്കുകയാണ്. കുറച്ചു സ്ഥലം നമ്മൾതന്നെ നേരിട്ട് വാങ്ങിയിരിക്കുകയാണ്. കേരള ഗവൺമെന്റ് 481 ഏക്കർ ഭൂമി വാങ്ങാൻ എം.ഒ.യു. ഒപ്പിട്ടുകഴിഞ്ഞു. അതിൽ തന്നെ 1000 കോടി രൂപയോളം എഫ്.എ.സിടി-ക്ക് കൊടുക്കണം. ആ തുക കേന്ദ്ര ഗവൺമെന്റിന് കൊടുത്താൽ ഒരു രൂപയും എഫ്.എ.സി.ടി.-ക്ക് ലഭിക്കുകയില്ല. അത് നേരിട്ട് കൊടുക്കാൻ കേരള ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണവും വികസനവും അതോടൊപ്പം സാധ്യമാകും. ഇപ്പോൾ ഈ സ്ഥാപനത്തിന് ഒരു പിടി സഞ്ചിത നഷ്ടമുണ്ട്. ഈ നഷ്ടം ഇക്വിറ്റി ഷെയറായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ കുറെ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതുണ്ട്. കുറച്ചു കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിക്കണം. കേന്ദ്ര ഗവൺമെന്റാണ് മുഖ്യമായിട്ടും ചെയ്യേണ്ടത്. നമ്മൾ വളരെ കുറച്ചു കാര്യങ്ങൾ മാത്രമാണ് ചെയ്യേണ്ടിയിരിക്കുന്നത്. 1774 കോടി രൂപയുടെ ബാധ്യതയാണ് ഓഹരി മൂലധനമാക്കണമെന്ന്

ആവശ്യപ്പെടുന്നത്. അങ്ങനെ ഓഹരി മൂലധനമാക്കുകയും ചെയ്യണം. ഗവൺമെന്റും ഗവൺമെന്റും തമ്മിലുള്ള ഒരു വില്പനയ്ക്ക് ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് ചുമത്തുന്നത് ഇന്നേവരെ കേട്ടിട്ടില്ല. ഇത് വലിയ ഒരു കച്ചവടം പോലെയാണ്. ഒരു കൊള്ളയാണ്. തീർച്ചയായും ക്യാപ്പിറ്റൽ ഗെയിൻ ടാക്സ് കൊടുക്കാൻ നമുക്ക് സാധിക്കുകയില്ല. അത് കേന്ദ്ര ഗവൺമെന്റിനെകൊണ്ട് സമ്മതിപ്പിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. മറ്റൊരു കാര്യം, ഏറ്റവും ഡിമാന്റുള്ള വളമായ യൂറിയ എഫ്.എ.സി.ടി നേരത്തെ ഉല്പാദിപ്പിച്ചിരുന്നതാണ്. വ്യവസായ ആവശ്യത്തിനും യൂറിയ ആവശ്യമാണ്. യൂറിയ ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റിന് അനുമതി കൊടുക്കണം. അതോടൊപ്പം കാപ്രോലാക്ടം പ്ലാന്റ് റീപ്രൊഡക്ഷൻ ആരംഭിക്കണം. ത്രികക്ഷി കരാർ പ്രകാരം ജീവനക്കാരുടെ ഒഴിവിലേയ്ക്ക് നിയമനം നടത്തണം. എഫ്.എ.സി.ടി-യിലെ ജീവനക്കാരുടെ എണ്ണം മൂന്നിൽ ഒന്നായി ചുരുങ്ങിയിരിക്കുകയാണ്. ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തനം നടക്കാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യങ്ങളിൽ കേവലം കേന്ദ്രപൊതുമേഖലാ സ്ഥാപനം എന്ന നിലപാട് സ്വീകരിക്കാതെ ദക്ഷിണേന്ത്യയിലെ കർഷകരെ കൃഷി പഠിപ്പിച്ച സ്ഥാപനം എന്ന നിലയിലും കാർഷിക മേഖല ഉജ്ജ്വലമാക്കിത്തീർത്ത ഇന്ത്യയിലെ ഏറ്റവും

പാരമ്പര്യമുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമെന്ന നിലയിലും അതിന്റെ വളർച്ചയും പുരോഗതിയും ശക്തിപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെത്തന്നെ കണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കണം. ആവശ്യമെങ്കിൽ കേരള നിയമസഭ തന്നെ ഇക്കാര്യത്തിൽ ഒരു പ്രമേയം പാസ്സാക്കണമെന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എഫ്.എ.സി.ടി-യെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അതീവ ഗൗരവമുള്ളതുതന്നെയാണ്. എന്നാൽ ദക്ഷിണേന്ത്യയിലെ കർഷകരെ കൃഷി പഠിപ്പിച്ചത് എഫ്.എ.സി.ടി.യാണ് എന്നുപറഞ്ഞത് എനിക്ക് മനസ്സിലായില്ല. പണ്ടുമുതൽതന്നെ നമ്മുടെ നാട്ടിൽ കർഷകർ കൃഷി ചെയ്തുവരുന്നുണ്ട്. എഫ്.എ.സി.ടി. വളം കൊടുക്കുന്നു എന്നത് ശരിയാണ്. എഫ്.എ.സി.ടി-യെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തിവരികയാണ്. കമ്പനിയുടെ പുനരുദ്ധാരണത്തിനായി ഒരു ദീർഘകാല ഫൈനാൻഷ്യൽ റീസ്ട്രക്ചറിംഗ് പാക്കേജ് കേന്ദ്ര സർക്കാരിന് എഫ്.എ.സി.ടി സമർപ്പിച്ചിട്ടുണ്ട്. വായ്പയിനത്തിൽ 1282.75 കോടി രൂപയും പലിശയിനത്തിൽ 487.76 കോടി രൂപയും കേന്ദ്രത്തിന് നൽകാനുണ്ട്. ഈ തുക

എഴുതിത്തള്ളണമെന്നും കമ്പനി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടൻ എഫ്.എ.സി.ടി-യെ സ്വകാര്യവൽക്കരിക്കുകയെന്ന കേന്ദ്ര നിലപാട് പുനഃപരിശോധിക്കണമെന്നും പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും 2016 ജൂലൈ മാസത്തിൽത്തന്നെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കമ്പനിയുടെ അധീനതയിലുള്ളതും നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമി സംസ്ഥാന സർക്കാരിന്റെ വ്യവസായ വികസന സ്ഥാപനമായ കിൻഫ്ര വഴി നടപ്പാക്കുന്ന പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കൈമാറാൻ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ വില നിർണ്ണയിക്കുകയും രണ്ട് കമ്പനികളും ചർച്ച ചെയ്ത് ധാരണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. ഭൂമി വിൽപ്പനയിലൂടെ ലഭിക്കുന്ന തുക എഫ്.എ.സി.ടി-യുടെ കടബാധ്യതകൾ തീർക്കാനും നികുതി അടയ്ക്കാൻ വിനിയോഗിക്കാനുമാണ് കേന്ദ്ര രാസവള മന്ത്രാലയം തീരുമാനിച്ചത്. കേന്ദ്ര സർക്കാരിനും ബാങ്കിനുമുള്ള ബാധ്യത തീർത്താൽ എഫ്.എ.സി.ടി-യുടെ പുനരുദ്ധാരണത്തിന് പണമുണ്ടാകാത്ത അവസ്ഥയുണ്ടാകും. എഫ്.എ.സി.ടി-യുടെ പുനരുദ്ധാരണ പദ്ധതി നേരത്തെതന്നെ കമ്പനി കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ ഇപ്പോഴത്തെ സ്ഥലം വിൽപ്പനയുമായി

പ്രസ്തുത പുനരുദ്ധാരണ പാക്കേജിനെ ബന്ധിപ്പിക്കരുത് എന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്. ഈ സാഹചര്യത്തിൽ എഫ്.എ.സി.ടി-യുടെ വികസന സാധ്യതയും തൊഴിലാളികളുടെ താൽപര്യവും കണക്കിലെടുത്ത് ഭൂമി വിൽപ്പനയിലെ തുക പൂർണ്ണമായും കമ്പനിയുടെ പുനരുദ്ധാരണത്തിന് വിനിയോഗിക്കാൻ മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് 22-01-2018-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. എഫ്.എ.സി.ടി-യുടെ സുഗമമായ പ്രവർത്തനത്തിന് റീഗ്യാസിഫൈഡ് ലിക്വിഫൈഡ് നാച്വറൽ ഗ്യാസിന് 2015 മുതൽ സംസ്ഥാനം വാറ്റ് നികുതിയിൽ ഇളവ് നൽകിയിരുന്നു. ഏറ്റവും ഒടുവിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 30.46 കോടി രൂപ എഫ്.എ.സി.ടി-യ്ക്ക് അനുവദിച്ചിരുന്നു. ഭൂമി വിൽപ്പനയോടനുബന്ധിച്ചുള്ള നികുതി ഒഴിവാക്കുന്നതിന് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഇളവുകൾ സാധ്യമാണോയെന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്. 12 ലക്ഷം ടൺ ഉല്പാദനശേഷിയുള്ള യൂറിയ പ്ലാന്റ് സ്ഥാപിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് 5 ലക്ഷം ടൺ ഉല്പാദനശേഷിയുള്ള യൂറിയ പ്ലാന്റ് സ്ഥാപിക്കാമെന്ന അനുകൂല നിലപാടിലേയ്ക്ക് കേന്ദ്രം എത്തിയതായി മനസ്സിലാക്കുന്നു. യൂറിയ പ്ലാന്റ് മുമ്പ് എഫ്.എ.സി.ടി-ക്ക് ഉണ്ടായിരുന്നു എന്നതിനാൽ ഇപ്പോൾ ഇത്തരമൊരു പ്ലാന്റ്

സ്ഥാപിക്കുന്നതിനുള്ള എല്ലാ സൗകര്യവും അവിടെ ലഭ്യമാണ്. പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള അമോണിയ പ്ലാന്റിനോടൊപ്പം ഏകദേശം 1300 കോടി രൂപയുടെ മുതൽ മുടക്കുള്ള ഒരു യൂറിയ പ്ലാന്റും സ്ഥാപിക്കാൻ എഫ്.എ.സി.ടി-ക്ക് പദ്ധതിയുണ്ട്. കേന്ദ്രത്തിന്റെ ഇറക്കുമതി നയംമൂലം നിർത്തിവയ്ക്കേണ്ടിവന്ന കാപ്രോലാക്ടം പ്ലാന്റിന്റെ പ്രവർത്തനം പുനരാരംഭിക്കാനും കഴിയേണ്ടതുണ്ട്. എൽ.എൻ.ജി. കേരളത്തിൽത്തന്നെ ലഭ്യമാക്കുകയും ഉപയോഗം വ്യാപകമാക്കുകയും ചെയ്താൽ അത് കൂടുതൽ പ്രയോജനപ്പെടുന്നത് എഫ്.എ.സി.ടി-ക്കായിരിക്കും. അക്കാര്യവും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഘട്ടം ഘട്ടമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും കമ്പനി കൈക്കൊള്ളുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുമുണ്ട്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ദക്ഷിണേന്ത്യയിലെ എല്ലാ കാർഷികമേഖലകളിലും എഫ്.എ.സി.ടി സബ് ഓഫീസുകൾ ആരംഭിച്ച് കൃഷി വിദഗ്ദ്ധരെ നിയമിച്ച് യന്ത്രങ്ങളും വളങ്ങളുമൊക്കെ കർഷകർക്ക് പരിചയപ്പെടുത്തി ആധുനിക കൃഷി പഠിപ്പിച്ച എന്ന അർത്ഥത്തിലാണ് ഞാൻ സൂചിപ്പിച്ചത്. എന്റെ ചോദ്യം, എഫ്.എ.സി.ടി-യുടെ 481 ഏക്കർ ഭൂമി എടുത്തത് പൊതുമേഖലാ വ്യവസായങ്ങളുടെ വികസനത്തിന് ഉപയോഗിക്കുമോ; 1000 കോടി രൂപയോളം

കേരള ഗവൺമെന്റ് കൊടുക്കുന്നുണ്ട്; അത് എഫ്.എ.സി.ടി-ക്ക് നേരിട്ട് കൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വസ്തു വാങ്ങുകയും വിൽക്കുകയും ചെയ്യുമ്പോൾ വില ആർക്കാണോ കൊടുക്കേണ്ടത് അവർക്ക് സ്വാഭാവികമായും കൊടുക്കുന്ന നിലയാണ് സ്വീകരിക്കുക. അത് കേന്ദ്ര ഗവൺമെന്റും എഫ്.എ.സി.ടി-യുംകൂടി തീരുമാനിക്കേണ്ട കാര്യമാണ്. അതിൽ നമുക്ക് കൈകടത്താൻ കഴിയില്ല. എന്നാൽ നമ്മുടെ നിലപാട് ആ പണം എഫ്.എ.സി.ടി-യുടെ പുനരുദ്ധാരണത്തിനുവേണ്ടി ചെലവഴിക്കണമെന്നതാണ്. അതാണ് കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

(സബ്മിഷൻ)